പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5649** **24.05.2017-ൽ മറുപടിക്ക്**

## ഡോക്ടർമാർ ജനറിക് നാമം കുറിയ്ക്കാതിരിക്കുന്നതിന്റെ കാരണം

| ചോദ്യം<br>ശ്രീ. പി.കെ.ശശി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) വികസിത രാജ്യങ്ങളിലും ആരോഗ്യ ഇൻഷ്വറൻസ് ഉള്ളയിടങ്ങളിലും ജനറിക് നാമത്തിൽ കുറിപ്പടി എഴുതുമ്പോൾ സംസ്ഥാനത്ത് കുറിപ്പടി എഴുതുന്ന പല ഡോക്ടർമാരും ജനറിക് നാമം കുറിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്ന് കുറിക്കണമെന്ന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) ആധുനിക മരുന്നുകൾക്ക് രാസനാമം, ജനറിക് നാമം, ബ്രാൻഡ് നാമം (കച്ചവടനാമം) എന്നിവ ഉണ്ടായിരിക്കേ ഡോക്ടർമാർ കച്ചവടനാമം ഉപയോഗിക്കുന്നതിന്റെ പിന്നിലെ കള്ളക്കളി ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) സംസ്ഥാനത്തെ വ്യാജമരുന്നുകളിൽ ബഹുഭൂരിപക്ഷവും ബ്രാൻഡ് നാമത്തിലായതിനാൽ ബ്രാൻഡ് നാമം ഉപയോഗിക്കുന്നത് വഴിവിട്ടതും കച്ചവട താല്പര്യവുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത് തടയുവാനും കുറിപ്പടികൾ എഴുതുമ്പോൾ ഡോക്ടർമാർ ജനറിക് നാമം മാത്രം എഴുതി നൽകുവാനും, ഗുണനിയന്ത്രണവും മാർക്കറ്റിംഗും സുതാര്യമാക്കുവാനുമായി സംസ്ഥാനത്ത് വിപണനം നടത്തുന്ന മരുന്നുകൾക്ക് ബാർകോഡിംഗ് ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ഡി) | ഡോക്ടർമാർ ജനറിക് നാമം മാത്രമേ എഴുതാവൂ എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. ബാർകോഡിംഗ് ഏർപ്പെടുത്തുന്നത് കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമാണ്. |

**സെക്ഷൻ ഓഫീസർ**